**QP CODE** **Enrollment Number: ………………**

**A3010** **Name: ……………………………….**

**M.A. DEGREE EXAMINATIONS, DECEMBER 2024**

**Second Semester**

**M.A. Malayalam Language and Literature**

**M21ML05DC – പ്രാചീന - മദ്ധ്യകാല കവിതാസാഹിത്യം**

**(2023 July admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. നാടൻ പാട്ടുകളുടെ നാല് സവിശേഷതകൾ എഴുതുക.
2. ലീലാതിലകത്തിൽ പാട്ടിന് നൽകിയിരിക്കുന്ന ലക്ഷണം എന്താണ്?
3. അധമ മണിപ്രവാളം എന്താണെന്ന് വ്യക്തമാക്കുക?
4. 'കൂനൻ മദിക്കുകിൽ ഗോപുരം കുത്തുമോ'? ഈ വാക്കുകളിലെ ഔചിത്യമെന്ത്?
5. "പ്രിയമാനസാ, നീ പോയി വരേണം
   പ്രിയയോടെന്റെ വാർത്തകൾ ചൊൽവാൻ"- സന്ദർഭം വ്യക്തമാക്കുക.
6. കവിരാമായണത്തിന്റെ പ്രത്യേകത എന്താണ്?
7. എന്താണ് ദ്വിതീയാക്ഷരപ്രാസവാദം?
8. "ജഗതി തനയഭാജാം പ്രായശോ മാനവാനാം
   മുകളരിൽ മുകളേറും പക്ഷപാതാതിരേകം"- ആശയം വ്യക്തമാക്കുക.

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. രാമചരിതത്തിലെ ഭാഷയെ കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.
10. ഉണ്ണിയച്ചി ചരിതത്തിലെ തിരുമരുതൂറിനെ കുറിച്ചുള്ള കവിയുടെ വർണ്ണന വിവരിക്കുക.
11. ചെറിയച്ചി എന്ന കാവ്യത്തിൻറെ രചനാഭംഗി വിലയിരുത്തുക.

12. തിരുനിഴൽമാലയുടെ ചരിത്രപരമായ പ്രത്യേകതയെക്കുറിച്ച് വിവരിക്കുക.
13. ഭീമസേനൻ വൃദ്ധവാനരനോട് വിളിച്ചു പറയുന്ന തൻറെ പരാക്രമങ്ങളെ കുറിച്ച് വിവരിക്കുക.
14. ആദ്യകാലമണിപ്രവാള കൃതികളെ കുറിച്ച്  ലഘുകുറിപ്പ് തയ്യാറാക്കുക.
15. കാളിയൻ വൃന്ദാവനത്തിലെ ജീവജാലങ്ങളോട് കാട്ടിയ ക്രൂരതകൾ എന്തെല്ലാം?
16. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ സുന്ദരകാണ്ഡത്തിനുള്ള പ്രാധാന്യം എന്ത്?
17. പാലാട്ട് കോമനിലൂടെ വ്യക്തമാകുന്ന സാമൂഹിക അവസ്ഥയെക്കുറിച്ച് വിശദമാക്കുക.
18. പുത്ര ദുഃഖത്താൽ കരളുരുകിക്കരയുന്ന ഒരു മാതാവിൻറെ ഹൃദയഭാവത്തെ 'പുത്തൻപാന' എന്ന കൃതിയിൽ എങ്ങനെയാണ് കവി ആവിഷ്കരിച്ചിരിക്കുന്നത്?

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. ജനകീയ ഗാനമെന്ന നിലയിൽ വടക്കൻപാട്ടുകളുടെ പ്രസക്തി പാലാട്ട് കോമനെ മുൻനിർത്തി ചർച്ച ചെയ്യുക.
20. കല്യാണസൗഗന്ധികം അന്വേഷിച്ചു പോകുമ്പോൾ ഭീമസേനൻ ഘോരവനത്തിൽ കണ്ട കാഴ്ചകളെ കുറിച്ച് കുഞ്ചൻ നമ്പ്യാർ എപ്രകാരമാണ് വർണ്ണിച്ചിരിക്കുന്നത്. വിവരിക്കുക.
21. "പൂന്താനവും ഭക്തിപ്രസ്ഥാനവും" എന്ന വിഷയത്തെക്കുറിച്ച്ജ്ഞാനപ്പാന എന്ന കൃതിയെ മുൻനിർത്തി ഉപന്യസിക്കുക.
22. 'സതീർത്ഥ്യ സ്നേഹത്തിൻറെ ഉത്തമ ദൃഷ്ടാന്തമാണ് കുചേലവൃത്തം വഞ്ചിപ്പാട്ട് '. ചർച്ച ചെയ്യുക.

**(15X2=30)**